**മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രസിഡന്റ്**

**ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായിൽ നിന്നും**

**സർക്കുലർ നമ്പർ: 16/20**

കർത്താവിൽ വാത്സല്യമുള്ളവരെ,

കോവിഡ് മഹാമാരിയുടെ മുമ്പിൽ ലോക ജനത സ്തംഭിച്ച് നിൽക്കുന്ന വേളയിലാണ് ഈ സർക്കുലർ അയയ്ക്കുന്നത്. കോവിഡ് -19 സൃഷ്ടിച്ച ദുരന്തം വിവരണാതീതമാണ്. എല്ലാ രാജ്യങ്ങളിലുമായി 8 ലക്ഷത്തിലധികം മനുഷ്യർ ഇതിനകം മരണത്തിന് കീഴടങ്ങി, രോഗാതുരർ ആകുന്നവരുടെ സംഖ്യ അനുദിനം വർദ്ധിക്കുകയാണ്. നമ്മുടെ നിത്യജീവിതം വിവരിക്കാനാവാത്ത വിധം ആകെ ഉലഞ്ഞുപോയിരിക്കുന്നു. രോഗത്തെ പ്രതിരോധിക്കാനായി സാമൂഹിക ബന്ധങ്ങൾ വിച്ഛേദിക്കാൻ നമ്മൾ നിർബന്ധിതരായിരിക്കുന്നു. അതു സൃഷ്ടിക്കുന്ന എകാന്തതയും ഒറ്റപ്പെടലും ഏറെ അനുഭവിക്കുന്നത് പ്രായമായവരും രോഗികളും കുഞ്ഞുങ്ങളുമാണ്. ഈ അവസ്ഥ അവരുടെ മനസിന്റെ താളത്തെ ദുർബ്ബലമാക്കുന്നു. രോഗ പ്രതിരോധ ഭൂമികയിൽ ആരോഗ്യപ്രവർത്തകർ കഠിനാദ്ധ്വാനം ചെയ്യുകയാണ്. അവരുടെ സേവനം അതിമഹത്വകരമാണ്. നമ്മുടെ എല്ലാവരുടെയും ആദരവ് അവർ അർഹിക്കുന്നു. ഈ മഹാമാരി വളരെ പ്രത്യക്ഷമായി ബാധിക്കുന്ന മറ്റൊരു രംഗം സാമ്പത്തിക മേഖലയാണ്. അതിവേഗം വളരുന്ന സാമ്പത്തിക മാന്ദ്യം സാമൂഹിക ജീവിതത്തെ ആകെ കലുഷിതമാക്കുകയാണ്. അനേകരുടെ ജോലി ഇതിനകം നഷ്ടപ്പെട്ടു. പാവപ്പെട്ടവരുടെ അവസ്ഥ വളരെ പരിതാപകരമാകുകയാണ്. ഈ അവസ്ഥ എത്രത്തോളം നീണ്ടു നില്ക്കുമെന്ന് നാം അറിയുന്നില്ല. കൃപാലുവായ ദൈവത്തിലേക്ക് നമുക്കു നോക്കാം. ശാശ്വതമായ ഒരു ശമനം അവിടുന്നു നൽകണമേയെന്ന് മനംനൊന്ത് പ്രാർത്ഥിക്കാം. ആവശ്യത്തിൽ ഇരിക്കുന്നവരെ നമ്മുടെ കഴിവിനൊത്ത് സഹായിക്കാൻ ഉത്സാഹിക്കണം.

മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം അതിന്റെ ചരിത്രയാത്രയിൽ 96 വർഷം പിന്നിടുന്നു. 1924 ഭാഗ്യസ്മരണീയനായ ഡോ. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സുവിശേഷ ദർശനത്തിലും ദീർഘവീക്ഷണത്തിലും സ്ഥാപിതമായ സംഘം ഏഴിന പരിപാടികളിലൂടെ കാലോചിതമായ സാക്ഷ്യനിർവ്വഹണത്തിന് ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സംഘത്തിന്റെ 2019-20 ലെ വാർഷിക പൊതുയോഗം സഭയുടെ ക്രമീകരണങ്ങൾക്കനുസരിച്ച് നടത്തപ്പെടുവാൻ പ്രാർത്ഥിക്കാം. 2020-ലെ സംഘദിനം ഒക്ടോബർ മാസം 4-ാം തീയിതി ആണല്ലോ. സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 4 വരെയാണല്ലോ സംഘവാരം. ലോക്ഡൗണിനെ തുടർന്ന് ആരാധനാലയങ്ങൾ ഗവണ്മെന്റിന്റെയും സഭയുടെയും നിബന്ധനക്രമമനുസരിച്ച് തുറക്കുമ്പോൾ സംഘവാരത്തിന്റെ പരിപാടികൾ നടത്തപ്പെടുവാൻ എല്ലാവരും ഉത്സാഹിക്കണം. ഡപ്യൂട്ടേഷൻ, മറ്റ് പരിപാടികൾ നടക്കുന്നതിന് ബുദ്ധിമുട്ടായതിനാൽ പ്രാദേശിക ഇടവകകൾ ചെയ്യുന്ന ക്രമീകരണങ്ങളിൽ ഏവരും പങ്കെടുക്കണം ആരാധന നടത്തുവാൻ ശ്രദ്ധിക്കണം. ആരാധനക്രമം ഇതിനോടൊപ്പം അയയ്ക്കുന്നു. സംഘത്തിന്റെയും സഭയുടെയും വെബ്സൈറ്റിൽ ഇത് ലഭ്യമാണ്. സംഘദിന സ്തോത്രകാഴ്ചയാണ് ഏകവരുമാനം. പലതരത്തിൽ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ പ്രാർത്ഥനാപൂർവ്വം സ്തോത്രകാഴ്ചയിൽ പങ്കെടുക്കണം. കഴിഞ്ഞ വർഷം സ്തോത്രകാഴ്ച ഇനത്തിൽ 26 ലക്ഷം ലഭിച്ചു.

നമ്മുടെ മിഷൻ മേഖലകളായ അച്ചൻ കോവിൽ, സുന്ദരപാണ്ഡ്യപുരം, മുക്കട, കൽക്കുളം എന്നീ മിഷൻ ഫീൽഡുകളുടെ പ്രവർത്തനത്തിൽ ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം. കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭിക്കുന്ന പഠനസൗകര്യം പ്രയോജനപ്പെടുത്തണം. വൃക്കരോഗികളുടെ ഡയാലിസിസിന് ആവശ്യമായ വിഭവസമാഹരണം നടത്തുന്നതിന് ഏവരും ഉത്സാഹിക്കണം. മുഴുരാത്രി പ്രാർത്ഥന, മദ്ധ്യസ്ഥ പ്രാർത്ഥന, ദർശനധ്യാനം ഇവ അനുഗ്രഹമായി തീരുവാൻ പങ്കെടുക്കണം. സന്ദേശം മാസികയുടെ വരിസംഖ്യ പുതുക്കണം. പുതിയ വരിക്കാരാകുവാൻ ശ്രദ്ധിക്കണം. ഗോസ്പൽ ടീമിന്റെ പ്രവർത്തനങ്ങൾ ഇടവകകൾക്ക് പ്രയോജനപ്പെടുത്തുവാൻ അച്ചന്മാർ ഉത്സാഹിക്കണം. 2020-23ലെ രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ഇടവകമിഷനുകളും രജിസ്റ്റർ ചെയ്യുവാൻ ഉത്സാഹിക്കണം.

പ്രീയരേ, പ്രതിസന്ധികളിൽ പതറാതെ, നന്മ ചെയ്യുവാൻ ഉത്സാഹിക്കുക. സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നമ്മുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാക്കപ്പെടട്ടെ.

കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

*ക്രിസ്താബ്ദം 2020 സെപ്റ്റംബർ 14-ാം തീയതി ന്യൂഡൽഹി മാർത്തോമ്മാ സെന്ററിൽ നിന്നും*

**ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**

പ്രസിഡന്റ്

ആരോഗ്യപ്രവർത്തകർ, പ്രാദേശിക ഭരണകൂടം, സന്നദ്ധസംഘടനകൾ തുടങ്ങി എല്ലാ സംവിധാനങ്ങളെയും ദൈവമേ

**പ്രതിവാക്യം:** ***അവരെ അനുദിനം ശക്തീകരിക്കേണമേ.***

4. ജാതിയുടെയും മതത്തിന്റയും പേരിൽ അവിശ്വാസത്തിന്റെയും അസഹിഷ്ണുതയുടെയും മതിലുകളെ പണിയുന്നവർ അനുതാപത്തിന്റെയും വിനയത്തിന്റെയും അനുഭവത്തിലേക്ക് തിരികെ വരുന്നതിനായി

**പ്രതിവാക്യം:** ***ദൈവമേ അവരെ സഹായിക്കേണമേ.***

5. കേരളത്തിലെ സഭകളിൽ ക്രൈസ്തവ സാക്ഷ്യത്തിനു സമീപകാലത്തുണ്ടായ അപചയം സ്വയം തിരിച്ചറിയാനും വേണ്ട തിരുത്തലുകൾ വരുത്തി ക്രൂശിന്റെ പാതയിൽ മുന്നോട്ടു പോകാനുള്ള ആന്തരീക ശക്തി ആർജിക്കുന്നതിനായി.

**പ്രതിവാക്യം:** ***കൃപാലുവായ ദൈവമേ, തിരുത്തലുകളുടെ ആത്മാവിനെ പകരണമേ.***

## സമർപ്പണ പ്രാർത്ഥന

**പ്രിയ പിതാവേ,** ഞങ്ങളുടെ ദൈനംദിജീവിതത്തിൽ വന്നു ഭവിച്ചിരിക്കുന്ന സത്യസന്ധതയില്ലായ്മയും-മാതൃകാപരമായി ജീവിക്കുന്നതിൽ വരുത്തിയ വീഴ്ചകളും ഞങ്ങൾ തിരിച്ചറിയുന്നു.-ജിവിതം എന്ന മഹത്തായ ദാനത്തെ സൂക്ഷ്മതയോടെ വിനിമയംചെയ്യുന്ന കറയറ്റ മനുഷ്യരാകുവാൻ ഞങ്ങളെ ശക്തീകരിക്കണമേ.-ഏകാഗ്രമായ വായനയും ധ്യാനവും പ്രാർത്ഥനയും പകരുന്ന-പക്വതയുള്ള ആളത്തത്തിലേക്ക് വളരുവാൻ ശക്തീകരിക്കണമേ-ക്രിസ്തീയ മൂല്യങ്ങളുടെ സന്ദേശ വാഹകരും-അതിൽ ജീവിക്കുന്നവരുമായിരിപ്പാൻ ഞങ്ങളെ തിരുമുമ്പിൽ സമർപ്പിക്കുന്നു.

**പ്രിയ പിതാവേ,** ആത്മീക ജീവിതത്തിന്റെ ആഴവും പരപ്പും ഗ്രഹിപ്പാൻ-ഞങ്ങളെ പ്രാപ്തരാക്കണമേ.-ജീവിതം പൊള്ളയായ പൊങ്ങച്ചങ്ങളിലേക്ക് വഴുതി വീഴാതിരിപ്പാൻ-കൂടുതൽ ഉഴ്ക്കാഴ്ചയുള്ളവരാക്കേണമേ.-ഞങ്ങളുടെ വാക്കുകളും കർമ്മങ്ങളും-സ്വയ പ്രശംസയുടെ ഉപാധികളായി തീരാതെ-ക്രിസ്തുവിൽ തെളിയപ്പെട്ട ദൈവിക സ്നേഹത്തിനുള്ള-ഊർജ്ജസ്രോതസുകളാക്കിതീർക്കേണമേ. -ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ-അവർക്കുവേണ്ടി ജീവിപ്പാൻ ഞങ്ങളെ ശക്തീകരിക്കണമേ- അതിനായി നിന്റെ മുമ്പിൽ ഞങ്ങളെ സമർപ്പിക്കുന്നു.

**പ്രിയ പിതാവേ,** ഭവനം, സമൂഹം, പ്രകൃതി ഞങ്ങളുടെ നല്ല ജീവിതത്തിനായി അവിടുന്നു നൽകിയ വിലപ്പെട്ട ദാനങ്ങളാണല്ലോ.-**ഭവനത്തിന്റെ** ഉൾത്തടത്തിൽ നിലച്ചുപോകുന്ന കുംടുംബപ്രാർത്ഥന-വറ്റിപോകുന്ന ഉഷ്മളമായ ബന്ധങ്ങൾ;-**സമൂഹത്തിൽ** പ്രത്യക്ഷപ്പെടുന്ന വിഭജനങ്ങൾ-പെരുകുന്ന പകർച്ച വ്യാധികൾ തീവ്രമാകുന്ന അക്രമങ്ങൾ, **പ്രകൃതിയിൽ** സംഭവിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ, ഭൂമി വാസയോഗ്യമല്ലാതെ മാറുന്ന അവസ്ഥ-എല്ലാ ദാനങ്ങളെയും ഞങ്ങൾ വികലമാക്കിയിരിക്കുന്നു. കൊടിയ ദുരന്തത്തിൽ ഞങ്ങൾ അകപ്പെട്ടിരിക്കുന്നു-തിരിച്ചറിവിന്റെ പാതയിലേക്ക് ഞങ്ങളെ നയിക്കയണമേ-അതിനായി വിനയപുരസ്സരം ഞങ്ങളെ തിരുമുമ്പിൽ സമർപ്പിക്കുന്നു. ആമേൻ.

# മാർത്തോമ്മ സന്നദ്ധ സുവിശേഷക സംഘം

# സംഘദിന ആരാധനക്രമം

# 2020 ഒക്ടോബർ 4 ഞായർ

***(മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ചത്)***

*"യഹോവേ, ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു. ഞാൻ ഒരുനാളും ലജ്ജിച്ചുപോകരുതേ; നിന്റെ നീതി നിമിത്തം എന്നെ വിടുവിക്കേണമേ. നിന്റെ ചെവി എങ്കലേക്ക് ചായിച്ച് എന്നെ വേഗം വിടുവിക്കേണമേ. നീ എനിക്ക് ഉറപ്പുള്ള പാറയും എന്നെ രക്ഷിക്കേണ്ടതിന് കോട്ടയായും ഇരിക്കേണമേ" (സങ്കീ. 31: 1- 2)*

**കൗമ്മാ**

## പ്രാരംഭ പ്രാർത്ഥന

സ്നേഹത്തിന്റെ നിറവും കാരുണ്യത്തിന്റെ ഉറവയുമായ പിതാവാം ദൈവമേ, സന്നദ്ധ സുവിശേഷക സംഘ ദിനാചരണ വേളയിൽ തിരുസന്നിധിയിൽ അനുതാപ മനസ്സോടേ അടുത്തുവരുന്നു. ഈ ദിനാചരണം എന്നും ആവർത്തിക്കുന്ന ഒരു കർമ്മമായി യാന്ത്രിക മനസ്സോടേ ആരാധനയിൽ പങ്കുചേരാൻ ഞങ്ങളെ അനുവദിക്കരുതെ. അനുതാപ മനസ്സോടേ നിന്റെ മുമ്പിൽ നില്ക്കുമ്പോൾ ഉള്ളിലെ ശൂന്യതകളെ തിരിച്ചറിയാനും അപരാധങ്ങളെ തിരുത്തി ആത്മിക നിറവിന്റെ ആനന്ദം അനുഭവിപ്പാനും കൃപയരുളേണമേ. കോവിഡ് മഹാമാരി സൃഷ്ടിച്ച വ്യഥയുടെ നാളുകൾ ഞങ്ങളെ വലയം ചെയ്ത്തു നില്ക്കുന്നു. രോഗാതുരർ അനുദിനം പെരുകുന്നു. അനേകർ മരണത്തിന് കീഴ്പ്പെടുന്നു. ഞങ്ങളുടെ നിത്യജീവിതം ആകെ ഉലഞ്ഞു പോയിരിക്കുന്നു. രോഗത്തെ പ്രതിരോധിക്കാനായി സാമൂഹിക ബന്ധങ്ങൾ വിഛേദിക്കാൻ ഞങ്ങൾ നിർബന്ധിതരാകുന്നു. പ്രതിരോധ ഭൂമിയിൽ ആരോഗ്യപ്രവർത്തകർ കഠിനാദ്ധ്വാനം ചെയ്യുന്നു. സാമ്പത്തിക രംഗത്ത് വളരുന്ന മാന്ദ്യം സാമൂഹിക ജീവിതത്തെ കലുഷിതമാക്കുന്നു. ഞങ്ങൾ നേടിയ പുരോഗതിക്കും ശാസ്ത്രീയ നേട്ടങ്ങൾക്കും ഇപ്പോൾ നൽകാൻ ഉത്തരങ്ങളില്ല. ഇതിന്റെ നാളുകൾ എത്രത്തോളമെന്ന് ഞങ്ങളറിയുന്നില്ല. കൃപാലുവായ ദൈവമേ അവിടുന്നു ഉത്തരമരുളേണമേ. മാനവരാശിയെ ഈ കഷ്ടതയിൽനിന്നും വിടുവിക്കേണമേ. സൗഖ്യത്തിന്റെ ദിനങ്ങളിലേക്ക് ഞങ്ങളെ നയിക്കേണമേ. സന്നദ്ധ സുവിശേഷക സംഘത്തിന്റെ പ്രവർത്തനങ്ങളെ സ്മരിക്കുന്ന ഈ ദിനത്തിൽ കഴിഞ്ഞ 96 വർഷം പരിപാലിച്ച വ്യത്യസ്ത വഴികളെ ഓർത്ത് ഹൃദയത്തിന്റെ ആഴത്തിൽന്നിന്നും ഞങ്ങൾ നിനക്ക് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. ദൈവം ക്രിസ്തുവിൽ പകർന്ന സ്നേഹം സ്വയസന്നദ്ധതയോടേ മനുഷ്യമനസ്സുകളിലേക്ക് പകരാൻ സംഘത്തിനു നൽകിയ നിയോഗത്തെ ഓർക്കുന്നു. ആ പ്രതിബദ്ധത തലമുറകളിൽ നിലനിർത്താനും തുടരാനും സഹായിച്ചുകൊണ്ടിരിക്കുന്ന ദൈവകൃപകൾക്കായി സ്തോത്രം. ഞങ്ങൾ ജീവിക്കുന്ന പ്രാദേശിക ഇടങ്ങളിൽ രൂപാന്തര ശക്തിയായി തുടർന്നും നിലകൊള്ളാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. സംഘത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് പുതിയ ദർശനങ്ങൾ നൽകി കാലത്തിന്റ വെല്ലുവിളികളെ ഉൾക്കൊള്ളാൻ ശക്തീകരിക്കേണമേ. സകല നന്മകളുടെയും നിറവായ നിന്റെ പുത്രനായ ക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു കൃപയോടേ കേൾക്കേണമേ. ആമേൻ

## അനുതാപ പ്രാർത്ഥന

*"ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു". (സങ്കീ. 32: 5)*

1. ദൈവീക ഭാവങ്ങളിൽ അടിയുറച്ച് നിൽക്കണമെന്ന് മനസ്സുകൊണ്ട് ഇച്ഛിക്കുകയും ലോക മോഹങ്ങളിൽ ആകർഷിക്കപ്പെടുമ്പോൾ താളംതെറ്റുകയും ചെയ്യുന്ന ഞങ്ങളുടെ ചാഞ്ചല്യ മനോവ്യാപാരങ്ങളെ നിയന്ത്രിക്കാനുള്ള ആന്തരീക അച്ചടക്കകുറവിനെ.

***പ്രതിവാക്യം: ഞങ്ങളോട് ക്ഷമിച്ച്, ഞങ്ങളുടെ അന്തരീക അവസ്ഥകളെ ബലപ്പെടുത്തണമേ.***

2. ജീവിതം സത്യത്തിന്റെ നേർ രേഖയിലുടെയാണ് സഞ്ചരിക്കേണ്ടത് എന്ന മൗലിക പ്രമാണം ഉള്ളിൽ ഗ്രഹിച്ചിട്ടും തെറ്റായമാർഗ്ഗങ്ങളിലുടെ സഞ്ചരിപ്പാൻ സന്നദ്ധമാകുന്ന ഞങ്ങളുടെ കുറവിനെ.

***പ്രതിവാക്യം: ഞങ്ങളോട് ക്ഷമിച്ച്, നേരിന്റെ പാതയിൽ ഉറച്ചു നില്പ്പാൻ ഞങ്ങളെ ശക്തീകരിക്കണമേ.***

3. ഭൗതിക സമൃദ്ധി നൽകിയ സുഖലോലുപതയും പ്രകൃതിയുടെ പരിധി ലംഘിച്ചുള്ള ജീവിതവും മണ്ണും വിതാനവും ജലവും തീരവും വികലമാക്കുന്ന ആർത്തിയും-എല്ലാം ചേർന്നു സൃഷ്ടിച്ചതാണ് ഈ മഹാമരി എന്ന സത്യം ഇപ്പോഴും ഗൗരവമായി കാണാതെ പോകുന്ന ഞങ്ങളുടെ കുറവിനെ

***പ്രതിവാക്യം: ഞങ്ങളോട് ക്ഷമിച്ച്, പുതിയ തിരിച്ചറിവിൽ വളരാൻ സഹായിക്കേണമേ.***

4. സഭയുടെ ആരാധനാ ബന്ധത്തിൽ മാത്രമായി ക്രിസ്തീയ ജീവിതത്തെ പരിമിതപ്പെടുത്തുകയും ലോകവ്യാപാരങ്ങളിൽ ദർശനരഹിതരായി ജീവിച്ചു പോകുകയും ചെയ്യുന്ന ഞങ്ങളുടെ കുറവിനെ.

***പ്രതിവാക്യം: ങ്ങളോട് ക്ഷമിച്ച്, ക്രിസ്തീയ ഭാവം എപ്പോഴും ഉള്ളിൽ സൂക്ഷിപ്പാൻ ഞങ്ങളെ സഹായിക്കേണമേ.***

## സ്തോത്ര പ്രാർത്ഥന

*"വരുവിൻ നാം യഹോവയ്ക്ക് ഉല്ലസിച്ചുഘോഷിക്കുക; നമ്മുടെ രക്ഷയുടെ പാറയ്ക്ക് ആർപ്പിടുക. നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക; സങ്കീർത്തനങ്ങളോടെ അവന് ഘോഷിക്കുക". (സങ്കീ.95-1-2)*

1. വീശിയടിക്കുന്ന മഹാമാരിയുടെ കൊടുംകാറ്റിൽ തളർന്നു പോകാതെ സൗഖ്യത്തോടേ പ്രത്യാശയിൽ നിലനില്പ്പാൻ വാക്കിലുടെയും പ്രവർത്തിയിലുടെയും പ്രചോദനം നൽകിയ എവർക്കുമായി.

പ്രതിവാക്യം: ***ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

2. നമ്മുടെ ജീവിതത്തെ ധന്യമാക്കുന്നത് കുടുംബം, സമുഹം, പ്രകൃതി എന്ന സ്നേഹ ശൃംഗലയാണ്. പ്രതിസന്ധിയുടെ ഈ ഘട്ടത്തിൽ കരുതലിന്റെ ശുശ്രൂഷ ഏറെ അനുഭവവേദ്യമായതിനായി

പ്രതിവാക്യം: ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

3. സന്നദ്ധ സുവിശേഷകസംഘത്തിന്റെ 96 വർഷത്തെ ചരിത്രയാത്രയിൽ വ്യാപരിച്ച വരദാനങ്ങൾ, ഭാവനാ സമ്പന്നരായ സഭാ പിതാക്കന്മാർ, പട്ടക്കാർ, സമർപ്പിതരായ സുവിശേഷകർ, കർമ്മനിരതരായ സംഘാംഗങ്ങൾ, വിഭവങ്ങൾ പങ്കുവെച്ച സഭാംഗങ്ങൾ ഇവയെല്ലാം ആവശ്യാനുസരണം ഒരുക്കിനൽകിയ ദൈവ കൃപയാക്കായി.

പ്രതിവാക്യം: ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

4. സംഘത്തിന്റെ പ്രവർത്തന സരണികളെ സചേതനമാക്കുന്ന പ്രാദേശിക ഇടവക മിഷൻ, സെന്റർ-ഭദ്രാസന-കേന്ദ്ര തലങ്ങൾ, മിഷൻ കേന്ദ്രങ്ങൾ, സഭയെ നയിക്കുന്ന അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, സംഘം പ്രസിഡന്റ് അഭിവന്ദ്യ ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പാ, സഫ്രഗൻ മെത്രാപ്പോലീത്താ, മറ്റ് എപ്പിസ്കോപ്പാമാർ, ഇതര ചുമതലക്കാർ തുടങ്ങിയ എല്ലാവരിലൂടെയും വ്യാപരിക്കുന്ന ദൈവകൃപയ്ക്കായി

പ്രതിവാക്യം: ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

5. സംഘത്തിന്റെ മിഷൻ മേഖലകളായ അച്ചൻകോവിൽ, മുക്കട, കൽക്കുളം, സുന്ദര പാണ്ഡ്യപുരം, അവിടെ പ്രവർത്തിക്കുന്ന സുവിശേഷകർ, കൊമ്പാടി എ.എം.എം ബൈബിൾ ഇൽസ്റ്റിറ്റ്യൂട്ട്, ഗോസ്പൽ ടിം, ധ്യാനകേന്ദ്രം ഇവയിലുടെ നിർവഹിക്കപ്പെടുന്ന ധന്യശുശ്രൂഷകൾക്കായി.

പ്രതിവാക്യം: ***ദൈവമേ, ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

## മദ്ധ്യസ്ഥ പ്രാർത്ഥന

*"യഹോവേ, എന്റെ പ്രാർത്ഥന കേൾക്കണമേ; എന്റെ നിലവിളി തിരുസന്നിധിയിൽ വരുമാറാകട്ടെ" (സങ്കീ.102: 1)*

1. മാർത്തോമ്മാ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാം. വലിയ മെത്രാപ്പോലീത്താ മാർ ക്രിസോസ്റ്റം, നവതിയുടെ നിറവിൽ സഭയുടെ നൗകയെ നയിക്കുന്ന മെത്രാപ്പോലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി, മറ്റ് എപ്പിസ്കോപ്പാമാർ, വികാരി ജനറാൾമാർ, പട്ടക്കാർ, സുവിശേഷകർ, സന്നദ്ധപ്രവർത്തകർ, സഭാ മക്കൾ എന്നിവർക്കായ് ദൈവമേ,

പ്രതിവാക്യം: ***ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.***

2. അനുദിനം തീവ്രമാകുന്ന സാമ്പത്തിക അസമത്വം, വംശീയ സംഘർഷത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർ, ന്യൂനപക്ഷ സമൂഹമായതിന്റെ പേരിൽ ആക്രമിക്കപ്പെടുന്നവർ, സ്വന്തം രാജ്യത്ത് കഠിനമായ പീഢനങ്ങൾ നേരിടുന്ന ക്രിസ്തീയ സഭകൾ, രക്തസാക്ഷികളാകുന്ന സഭാംഗങ്ങൾ എന്നിവർക്കായി ദൈവമേ,

പ്രതിവാക്യം: ***സമാധാനപരമായ ജീവിതത്തിനായുള്ള അവരുടെ ആഗ്രഹം സാദ്ധ്യമാക്കണമേ***

3. കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിനായി കഠിനാദ്ധ്വാനം ചെയ്യുന്ന വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ,